**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു, ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, ശ്രീ. എച്ച്. സലാം, ശ്രീ. കെ. ജെ. മാക്സി** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളം നടത്തിയ സുത്യർഹമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞു. 2020-21 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പദ്ധതിയിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിലെ സ്ത്രീപങ്കാളിത്തത്തിൽ കേരളം, രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. സമയബന്ധിത വേതന വിതരണം നടത്തുന്നതിൽ സംസ്ഥാനം അഞ്ചാം സ്ഥാനത്തും, പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ നാലാം സ്ഥാനത്തുമാണ്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽദിനങ്ങളിൽ (63.24) അഞ്ചാം സ്ഥാനത്തും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (90.98) രാജ്യത്ത് രണ്ടാം സ്ഥാനത്തും സംസ്ഥാനം എത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പ് വരുത്തുന്ന കാര്യത്തിൽ (44.56% കുടുംബങ്ങൾക്ക്) രണ്ടാം സ്ഥാനവും സംസ്ഥാനം നേടിയിട്ടുണ്ട്. |
| (ബി) | പ്രളയം, കോവിഡ് തുടങ്ങിയ മഹാമാരികളുടെ കാലത്ത് മുൻഗണനാക്രമങ്ങൾ പുന:ക്രമീകരിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻകൈ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിലും തുടർന്നുണ്ടായ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ മുൻകാലങ്ങളിൽ ഉണ്ടാക്കിയ നേട്ടങ്ങൾക്ക് ഉപരിയായ നേട്ടം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടം തുടർന്നും ആവർത്തിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. തൊഴിൽ നൽകുന്നതിനൊപ്പം തന്നെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഉപജീവന ആസ്തികളായ പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡ് എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ കൂടുതലായി ഏറ്റെടുക്കുന്നുണ്ട്. പരമ്പരാഗതമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ നീർത്തടാധിഷ്ഠിത മാതൃകയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പ് കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി പ്രത്യേകമായ ആസൂത്രണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി ജി.ഐ.എസ്. അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതികളുടെ ആസൂത്രണം, സമഗ്ര നീർത്തട പദ്ധതി ആസൂത്രണം എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ